# സി.പി.സി.ആർ.ഐ കാർഷിക പ്രദർശനം അഞ്ചുമുതൽ

**കാസർകോട്:** കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കാർഷിക പ്രദർശനവും മേളയും അഞ്ച് മുതൽ 10 വരെ സി.പി.സി.ആർ.ഐ കാമ്പസിൽ നടക്കുമെന്ന് ഡയറക്ടർ ഡോ. പി. ചൗഡപ്പ് വാർത്തസമ്മേളനത്തിൽ അറിയിച്ചു. പരിപാടിയുടെ ഭാഗമായി ശാസ്ത്രജ്ഞരുമായി അഭിമുഖം, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കും.

അഞ്ചിന് രാവിലെ 10ന് മണ്ണ്, ജല സംരക്ഷണ മാർഗങ്ങൾ എന്നിവയെ സംബന്ധിച്ച് ഡോ. എ. സി. മാത്യുവും ഉച്ച 12ന് ഉയർന്ന മൂല്യമുള്ള ഫലവർഗ വിളകൾ എന്ന വിഷയത്തിൽ ഡോ. കെ. ഷംസുദ്ദീൻ, ഡോ.ആർ.സുധ എന്നിവരും ക്ലാസെടുക്കും. ആറിന് രാവിലെ 10ന് കൊക്കോ ഉൽപാദനവും സംസ്കരണവും എന്ന വിഷയത്തിൽ ഡോ. എലൈൻ അപ്സരയും ഉച്ച രണ്ടിന് പശു, ആട്, കോഴി, മത്സ്യം വളർത്തൽ എന്നിവയെ സംബന്ധിച്ച് ഡോ. പി. സുബ്രഹ്മണ്യനും ക്ലാസെടുക്കും. ഏഴിന് രാവിലെ 10ന് സ്റ്റാർട്ടപ്പ് ഗ്രീൻ കാർഷിക സംരംഭങ്ങൾക്ക് പ്രാപ്തരാക്കൽ എന്ന വിഷയത്തിൽ ഡോ. കെ. മുരളീധരനും ക്ലാസെടുക്കും.

എട്ടിന് ഉച്ച രണ്ടിന് കർഷകശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിക്കും. ഒമ്പതിന് രാവിലെ 10ന് തേനീച്ച വളർത്തൽ സംബന്ധിച്ച് ഡോ. ടി.എസ്. മനോജ് കുമാറും 10ന് രാവിലെ 10മണിക്ക് അർബൻ ഹോർട്ടികൾചർ എന്ന വിഷയത്തെക്കുറിച്ച് ഡോ. അനിത കരുൺ, ഡോ.വി. നിരൽ എന്നിവരും ക്ലാസെടുക്കും. ഉച്ച രണ്ടിന് നാളികേരം, ചക്ക, മാങ്ങ എന്നിവയുടെ മൂല്യവർധന എന്ന വിഷയത്തിൽ ഡോ.കെ.ബി. ഹെബ്ബാറും ക്ലാസെടുക്കും. വാർത്തസമ്മേളനത്തിൽ കൺവീനർ ഡോ. സി. തമ്പാൻ, എച്ച്. മഹേശ്വരപ്പ എന്നിവരും സംബന്ധിച്ചു.